# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 227

10.12.2014 ലെ മറുപടിക്ക്

## ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാര പദ്ധതികൾ

**ചോദ്യം**

**ശ്രീ. കെ.എം.ഷാജി**
**ശ്രീ. റ്റി.എ. അഹമ്മദ് കബീർ**
**ശ്രീ. കെ.എൻ.എ.ഖാദർ**
**ശ്രീ. സി. മോയിൻ കുട്ടി**

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽകൂട്ടാൻ വിനോദസഞ്ചാര വകുപ്പ് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | എ) ഉണ്ട്. ടൂറിസം വകുപ്പ് നടപ്പാക്കി വരുന്ന ടൂറിസം വികസന പദ്ധതികളിൽ നല്ലൊരു പങ്ക് ഗ്രാമീണ മേഖലയുടെ സാധ്യതകൾ കേന്ദ്രീകരിച്ചുള്ളതാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് നടപ്പാക്കുന്ന "മൈ വില്ലേജ് എ ടൂറിസം ഫ്രണ്ട്ലി വില്ലേജ്" എന്നീ പദ്ധതികൾ ഗ്രാമീണ മേഖലയുടെ സാധ്യതകൾ മുതൽക്കൂട്ടാൻ ഉദ്ദേശിച്ചുള്ളതാണ്. ഇതുകൂടാതെ മിഷൻ 676-ന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന God's Own Country People's Own Tourism എന്ന പദ്ധതി 112 തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ ഗ്രാമീണ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും തദ്ദേശവാസികളുടെയും സഹകരണത്തോടെ വിവിധ ടൂറിസം പരിപാടികൾ വികസിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. |
| ബി) ഇതിനായി ഗ്രാമീണ മേഖലയിൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) ടൂറിസം വകുപ്പ് നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഗ്രാമീണ മേഖലയും ഉൾപ്പെടുന്നുണ്ട്. |

(..........2)

| | |
|---|---|
| സി) ഓരോ ജില്ലയിലും ഒരു ഗ്രാമം വീതമെങ്കിലും തനിമ നഷ്ടപ്പെടാത്തവിധം, പുരാതന ശേഷിപ്പുകളും ജീവിതരീതികളും പരമാവധി നിലനിർത്തി സ്ഥിരം വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | സി) ഉത്തരവാദിത്ത ടൂറിസം, മിഷൻ 676 ൽ ഉൾപ്പെട്ടിട്ടുള്ള God's Own Country People's Own Tourism തുടങ്ങിയ പദ്ധതികളുടെ ലക്ഷ്യം തന്നെ തനിമ നഷ്ടപ്പെടാത്തവിധം, പുരാതന ശേഷിപ്പുകളും ജീവിത രീതികളും പരമാവധി നിലനിർത്തി ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുക എന്നതാണ്. |

സെക്ഷൻ ഓഫീസർ